# കേരളപാഠാവലി

## മലയാളം
## പരിസരപഠനം
## കലാവിദ്യാഭ്യാസം
## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
## ആരോഗ്യകായിക വിദ്യാഭ്യാസം

## സ്റ്റാൻഡേർഡ് II
### ഭാഗം - 1

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

# കേരളപാഠാവലി

## സ്റ്റാൻഡേർഡ് II

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

കഥകളും കവിതകളും ചിത്രങ്ങളുമായി പുതിയ പാഠപുസ്തകം കൂട്ടുകാരുടെ മുന്നിലേക്ക് എത്തുകയാണ്. പൂക്കളും മരങ്ങളും മലകളും പുഴകളും മൃഗങ്ങളുമൊക്കെ ഉൾപ്പെടുന്ന പാഠങ്ങൾ നിങ്ങളെ സന്തോഷിപ്പിക്കും. പാഠങ്ങളിലൂടെ കടന്നു പോകുമ്പോൾ ഉണ്ടാകുന്ന രസകരമായ അനുഭവങ്ങൾ നിങ്ങൾക്ക് ഇഷ്ടമാകും.

മലയാളഭാഷയുടെ മധുരം പങ്കുവയ്ക്കാൻ പാഠപുസ്തകത്തിൽ നിരവധി അവസരങ്ങൾ നിങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ഒപ്പം നമ്മുടെ പരിസരത്തെ നിരീക്ഷിക്കാനും അറിയാനും. ചുറ്റുപാടിനെ തിരിച്ചറിഞ്ഞ് പെരുമാറാനും അക്ഷരങ്ങളും വാക്കുകളും മനസ്സിലാക്കി സ്വഭാഷയിൽ നന്നായി പറയാനും വായിക്കാനും എഴുതാനും കൂടുതൽ മിടുക്കരാകാനും ഈ പുസ്തകം നിങ്ങൾക്ക് വഴിയൊരുക്കും.

പാഠപുസ്തകത്തിന് പുറമേ ഒരു പ്രവർത്തന പുസ്തകവും നിങ്ങളുടെ കയ്യിലെത്തുന്നുണ്ട്. നിങ്ങൾക്കൊപ്പം സ്നേഹവും പിന്തുണയുമായി അധ്യാപകരും വിദ്യാലയവും രക്ഷിതാക്കളും ഉണ്ട്. ഒത്തു പഠിക്കാം, പഠിച്ചു മുന്നേറാം.

ഡോ. ജയപ്രകാശ് ആർ.കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം



# പാഠപുസ്തകരചനാസമിതി


## അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

## ചെയർമാൻ

**എൻ. ശ്രീകുമാർ**
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, ആലപ്പുഴ

## വിദഗ്ധർ

**എം.എം. സചീന്ദ്രൻ**
ശ്രീദളം, കോഹിനൂർ,
പി.ഒ. കാലിക്കറ്റ് യൂണിവേഴ്സിറ്റി
മലപ്പുറം

**വിജയകുമാർ എം.കെ.**
പ്രിൻസിപ്പാൾ (റിട്ട.), സി.കെ.എൻ.എസ്.
ജി.എച്ച്.എസ്.എസ്. പിലിക്കോട്,
കാസർഗോഡ്

## അംഗങ്ങൾ

**അനൂപ്കുമാർ കല്ലത്ത്,** പ്രധാനാധ്യാപകൻ, ജി.യു.പി.എസ്. കൂട്ടക്കനി, കാസറഗോഡ്
**ഷീജ സി.പി.,** അധ്യാപിക (റിട്ട.), സൈനിക് എൽ.പി.എസ്. കഴക്കൂട്ടം, തിരുവനന്തപുരം
**സുനിൽ കുന്നരു,** എൽ.പി.എസ്.ടി., എ.യു.പി.സ്കൂൾ കുന്നരു, കണ്ണൂർ
**ഉണ്ണിരാജൻ പി.വി.,** ജി.യു.പി.എസ്. നാലിലാംകണ്ടം, കാസറഗോഡ്
**അബ്ദുൽ ഷുക്കൂർ വി.പി.,** ട്രെയിനർ, സമഗ്രശിക്ഷാ കേരളം, യു.ആർ.സി. എറണാകുളം
**പ്രജിത കെ.,** എൽ.പി.എസ്.ടി., ജി.എം.എൽ.പി.എസ്. വലിയപറപ്പൂർ, മലപ്പുറം
**ജസ്ന എ.ആർ.,** പ്രധാനാധ്യാപിക, വള്ളിയാട് എം.എൽ.പി.എസ്. തോടന്നൂർ, കോഴിക്കോട്
**പി.ടി. മണികണ്ഠൻ പന്തല്ലൂർ,** ഹെഡ്മാസ്റ്റർ (റിട്ട.) ജി.യു.പി. സ്കൂൾ മഞ്ചേരി
**കെ.കെ. സുരേഷ് ബാബു,** അധ്യാപകൻ (റിട്ട.) പാലയാട് സെൻട്രൽ ജെ.ബി. സ്കൂൾ, തലശ്ശേരി, കണ്ണൂർ
**ഇന്ദിരാദേവി പി.,** ട്രെയ്നർ, ബിആർസി മഞ്ചേരി, എസ്.എസ്.കെ. മലപ്പുറം
**അമ്പിളി വി.,** എൽ.പി.എസ്.ടി, വി.ബി.യു.പി. സ്കൂൾ തൃക്കൊടിത്താനം, കോട്ടയം
**ബിനു ആർ.,** എൽ.പി.എസ്.ടി, ഗവ. എൽ.പി. സ്കൂൾ, കുരിയാത്തി, തിരുവനന്തപുരം

## ചിത്രരചന

സന്തോഷ് വെളിയന്നൂർ, കോട്ടയം
ദീപേഷ് ടി., സി.എച്ച്.എം.എച്ച്.എസ്.എസ്. കാവുംപടി, തില്ലങ്കേരി, കണ്ണൂർ
സന്തോഷ് എ., ട്രെയ്നർ, ബി.ആർ.സി. പാപ്പിനിശ്ശേരി, കണ്ണൂർ
പ്രേംകുമാർ വി.പി., ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ, കണ്ണൂർ
നേഹൽ ടി., ഷൈൻ, കതിരൂർ, കണ്ണൂർ

## അക്കാദമിക് കോ-ഓർഡിനേറ്റർ

**ഡോ. ശശി എം.ടി.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# എന്നെ അറിയാൻ

എന്റെ പേര് : ..........................................................

വീട്ടുപേര് : ..........................................................

എന്റെ നാട് : ..........................................................

സ്കൂൾ : ..........................................................

ക്ലാസ്സ് : ..........................................................

എന്റെ ടീച്ചർ : ..........................................................



# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# ഉള്ളടക്കം

1. മഴയോ മഴ.................................... 08 - 17

2. നന്നായ് ഉണ്ണാൻ......................... 18 - 29

3. എന്താണമ്മേ സ്വാതന്ത്ര്യം....... 30 - 37

4. പൂരം പൊടിപൂരം ..................... 38 - 47

5. രുചിമേളം...................................... 48 - 61

6. പറക്കും വീട്................................ 62 - 78



# 1 മഴയോ മഴ

മഴ മഴ മഴ പെയ്യണ്
പുഴ പുഴ പുഴ നിറയണ്
മഴ മഴയത്ത് നന നനയണ്
കുടയില്ലാത്ത കുട്ട്യോള്
കുടയില്ലാത്ത കുട്ട്യോള്

മഞ്ഞ് മഞ്ഞ് പെയ്യണ്
മണ്ണ് മണ്ണ് കുളിരണ്
മഞ്ഞുമഞ്ഞത്ത്
തണുതണുക്കണ്
പുതപ്പില്ലാത്ത കുട്ട്യോള്
പുതപ്പില്ലാത്ത കുട്ട്യോള്

വായിക്കാം ഒത്തുപാടാം



# കുട വരയ്ക്കാം



**ഉത്തരം കണ്ടെത്താം**

കാലിൽ പിടിച്ചാൽ
തോളിൽ കയറും

**കൂടുതൽ കടങ്കഥകൾ കണ്ടെത്തി എഴുതാം.**

## പറയുമ്പോൾ മഴ പെയ്യുമോ?

**കുറിപ്പ് വായിക്കാം പരീക്ഷണം ചെയ്യാം.**

ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പിയുടെ അടിഭാഗത്ത് ധാരാളം ചെറിയ സുഷിരങ്ങൾ ഉണ്ടാക്കുക. കുപ്പിയുടെ മുകൾഭാഗത്ത് ഒരു വശത്തായി മറ്റൊരു ചെറുസുഷിരംകൂടി ഉണ്ടാക്കുക. ബക്കറ്റിലെ വെള്ളത്തിൽ കുപ്പി മുഴുവനായും താഴ്ത്തിവച്ച് കുപ്പിയിൽ വെള്ളം നിറയ്ക്കുക.



കുപ്പി ഭദ്രമായി അടയ്ക്കുക. വിരൽകൊണ്ട് വശത്തെ സുഷിരം അമർത്തിപ്പിടിച്ച് കുപ്പി ഉയർത്തുക.
"പെയ്യട്ടെ മഴ പെയ്യട്ടെ" എന്നു പറയുമ്പോൾ വിരൽ മാറ്റുക.
"നിൽക്കട്ടെ മഴ നിൽക്കട്ടെ" എന്ന് പറയുമ്പോൾ വീണ്ടും സുഷിരം അടച്ചുപിടിക്കുക.
എന്ത് സംഭവിക്കും?

**പരീക്ഷണം ചെയ്തപ്പോൾ കണ്ട കാര്യങ്ങൾ എഴുതിനോക്കാം.**

- ഞാൻ കണ്ടത്

- പരീക്ഷണം ചെയ്യാൻ ഉപയോഗിച്ച സാധനങ്ങൾ എന്തെല്ലാം?



## ഇന്നലെ പെയ്ത മഴ

അതൊരു പെരുമഴയായിരുന്നു.
മഴയ്ക്കുമുമ്പ് ആകാശമാകെ ഇരുണ്ടു.
ശക്തമായ കാറ്റിൽ മരങ്ങൾ ആടിയുലഞ്ഞു.
വലിയ ഇടിയും മിന്നലും വന്നു. ഞാൻ പേടിച്ചുപോയി.
സന്ധ്യയും മഴയും ഒന്നിച്ചാണ് വന്നത്. ഇടയ്ക്കിടെ തോർന്നും
പിന്നെയും പിന്നെയും പെയ്തും മഴ ഒരുപാട് നേരം നീണ്ടു.
രാത്രിയിൽ നല്ല തണുപ്പുണ്ടായിരുന്നു. ഉറങ്ങാൻ നല്ല
സുഖം. രാവിലെ ഉണർന്നപ്പോൾ മഴ തോർന്നിരിക്കുന്നു.
തൊടിയിലെ ചെടികൾക്കെല്ലാം പുതുമഴ കിട്ടിയ
സന്തോഷം. വഴിയിലും ഓടയിലും കെട്ടിക്കിടന്ന
ചപ്പുചവറുകൾ ഒഴുക്കിക്കളഞ്ഞ് മഴ അവിടം വൃത്തിയാക്കി.
പക്ഷേ എന്ത് ചെയ്യാം? എല്ലാ അഴുക്കുകളും
വന്നുനിറഞ്ഞത് ഞങ്ങളുടെ മുറ്റത്തായിരുന്നു.
മഴയുടെ കുസൃതി ഇത്തിരി കൂടുന്നുണ്ട്.

### അഭിനയിക്കാം

വിറ വിറയണ്  നന നനയണ്  കുളിരുകോരണ്



**ഞാനും മഴയും – മഴയനുഭവം എഴുതാം**

## മഴച്ചൊല്ലുകൾ കണ്ടെത്താം



**മഴ തോർന്നാലും മരം പെയ്യും**

ഇങ്ങനെ പറയുന്നതെന്തുകൊണ്ട്?

ഇതുപോലുള്ള മഴച്ചൊല്ലുകൾ കേട്ടിട്ടില്ലേ.

അവ ക്ലാസിൽ പറഞ്ഞുനോക്കാം.

## മഴത്തുള്ളി കഥ പറയുമ്പോൾ



കടലിൽ കൂട്ടുകാരോടൊപ്പം
തുള്ളിക്കളിക്കുകയായിരുന്നു ഞാൻ.
കൂടെ കളിക്കാൻ ധാരാളം പേർ.
വല്ലാത്ത ചൂട്.
സഹിക്കാൻ പറ്റുന്നില്ല.
ഞാൻ ഞാനല്ലാതായി മാറുന്നോ?
കൂട്ടുകാരോടൊപ്പം ഞാനും
ആകാശത്തേക്കുയർന്നു.
ഞങ്ങൾ മേഘങ്ങളിൽ ഒളിച്ചു.
ഠോ... ഠോ... ഠോ... ഠോ...
ഞങ്ങൾക്ക് പേടിയായി.
കാറ്റ് ആഞ്ഞുവീശി.
തണുപ്പ് കൂടിക്കൂടി വന്നു.
കൂട്ടുകാർക്കൊപ്പം തുള്ളിയായി...മഴയായി...
ഞങ്ങൾ താഴേക്കെത്തി. ഒഴുകിയൊഴുകി...ചാലുകളായി.
തോട് നിറഞ്ഞു. പുഴ നിറഞ്ഞു.
വീണ്ടും ഞങ്ങൾ  കടലിലേക്ക്.

## ഉത്തരം കണ്ടെത്താം

- കടലിൽ കളിച്ചത് ആരാണ്?
- വെള്ളത്തുള്ളികൾ മേഘങ്ങളിലൊളിക്കാൻ കാരണമെന്ത്?
- വെള്ളത്തുള്ളികൾ പേടിച്ചതെന്തിന്?
- കാറ്റ് ആഞ്ഞുവീശിയപ്പോൾ എന്ത് സംഭവിച്ചു?

## സംഭാഷണം എഴുതാം



കുട്ടി : മഴത്തുള്ളീ, മഴത്തുള്ളീ നീ
എന്തിനാ ആകാശത്തേക്കുയർന്നത്?

മഴത്തുള്ളി : ചൂട് സഹിക്കാൻ വയ്യാഞ്ഞിട്ടാണ്.

കുട്ടി : ..........................................................................



മഴത്തുള്ളി : ഠോ... ഠോ... ശബ്ദം കേട്ടിട്ട്

കുട്ടി : ..............................................................

..............................................................

മഴത്തുള്ളി : ..............................................................

..............................................................

## കണ്ടെത്താം എഴുതാം



പ്രതികരിക്കാം പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കാം.



അരുതേ.. മലിനമാക്കരുതേ!

ജലസ്രോതസ്സുകൾ നാടിൻ സമ്പത്ത്

## നമ്മുടെ നാട്

കുളിരുണരും മലയുടെ നാട്,
തെളിയൊഴുകും പുഴയുടെ നാട്,
നീലക്കടലലയുടെ നാട്,
ഇത് നമ്മുടെ കേരളനാട്.
തെങ്ങോലപ്പീലി വിരിച്ചി-
ട്ടാടുക നാടേ മയിലാട്ടം,
പനയോലപ്പീലി നിവർത്തി
ആടുക നാടേ തിറയാട്ടം.
നെൽവയലുകൾ തത്തപ്പച്ച,
താഴ്‌വരയിൽ വാഴപ്പച്ച,
കാടിൻ കരിനീലപ്പച്ച,
തളിരിലകളിലും പച്ച,
പല പച്ചകൾ ചേർത്തു വരച്ചൊരു
ചിത്രം നമ്മുടെ കേരളനാട്.



**ഈണം കണ്ടെത്തി ഒന്നിച്ചു പാടാം**

- **കേരളത്തിന്റെ എന്തെല്ലാം പ്രത്യേകതകളാണ് കവിതയിൽ പറഞ്ഞിട്ടുള്ളത്?**
  - മലകളുള്ള നാട്
  -
  -
  -
  -
  -

# 2 നന്നായ് ഉണ്ണാൻ


കൂട്ടുകാരേ, കാട്ടിൽ ആവശ്യത്തിന് ആഹാരം കിട്ടാനില്ല. കുട്ടികൾ വിശന്നു കരയുന്നു
അതെയതെ. ഇങ്ങനെയായാൽ നാം എങ്ങനെ ജീവിക്കും?


മനുഷ്യരുടെ പരാതി കേട്ടു മടുത്തു. വാഴ തിന്നു, കരിമ്പ് നശിപ്പിച്ചു, ചക്ക പറിച്ചു, ഇനിയുമെന്തെല്ലാം കേൾക്കണം!
നാട്ടിലിറങ്ങുന്നത് ഓർക്കുമ്പോഴേ പേടിയാ! പടക്കമെറിയും വെടിവയ്ക്കും


ഞങ്ങൾ കിഴങ്ങ് കട്ടു തിന്നുന്നത്രേ
കതിര് കൊത്തുന്നു, പഴം മോഷ്ടിക്കുന്നു. ഞങ്ങളെക്കുറിച്ചുമുണ്ട് പരാതികൾ
നമുക്കും വിശപ്പില്ലേ, അതെന്താ ആരും മനസ്സിലാക്കാത്തത്!


മനുഷ്യരെ എങ്ങനെ കുറ്റം പറയും. അവർ അധ്വാനിച്ച് ഉണ്ടാക്കുന്നതല്ലേ?
അതുമിതും പറഞ്ഞിട്ടു കാര്യമില്ല. നമുക്ക് നല്ല തടിമിടുക്കില്ലേ? നമുക്കു വേണ്ടത് നമുക്കുതന്നെ കൃഷി ചെയ്യാം
നല്ല ഐഡിയ! നമുക്കും കൃഷി ചെയ്യാം
അങ്ങനെ അവർ ഒത്തൊരുമിച്ച് കൃഷി ചെയ്യാൻ തീരുമാനിച്ചു.

ചിത്രത്തിൽ ആരെല്ലാം എന്തെല്ലാം ചെയ്യുന്നു?



കൂട്ടുകാർക്ക് ഉത്സാഹമായി.
എല്ലാവരും ഒത്തുകൂടി.
നിലമൊരുക്കി.




## കൃഷിക്ക് എന്തെല്ലാം ഉപകരണങ്ങൾ ?

| ഉപകരണങ്ങൾ | ഉപയോഗം |
| --- | --- |
| | |

## പറയാം എഴുതാം



## വരികൾ കൂട്ടിച്ചേർത്ത് പാടാം എഴുതാം

### നന്നായ് ഉണ്ണാൻ

മണ്ണു കിളയ്ക്കേണം നന്നായ്
മണ്ണു കിളയ്ക്കേണം
നിലമൊരുക്കേണം നന്നായ്
നിലമൊരുക്കേണം
വിത്തു വിതയ്ക്കേണം നന്നായ്
വിത്തു വിതയ്ക്കേണം

............................................................................

............................................................................

............................................................................

............................................................................

എല്ലാം നന്നായ് വന്നാലോ
നന്നായ് നമ്മൾക്കുണ്ണാലോ!



വിളഞ്ഞ കൃഷിയിടം കണ്ട് കുഞ്ഞനാനയും കൂട്ടുകാരും ആഹ്ലാദിച്ചു.
വിളവെടുപ്പുത്സവമായി.
എല്ലാവരും ഒത്തുകൂടി.

**എന്തെല്ലാം വിളവുകളാണ് കിട്ടിയത്?**



## പറഞ്ഞതെന്തെല്ലാം?
















കൂടുതൽ ചൊല്ലുകൾ
കണ്ടെത്തി എഴുതാം

## പാടാം രസിക്കാം

താരിളം തെയ്യാരാ തക തക
താരിളം തെയ്യാരാ
താരിളം തെയ്യാ തെയ്യത്താരാ
താരിളം തെയ്യാരാ.

ആനമലയില് കൂനമലയില്
കാടൊതുക്കി തെയ്യാരാ
കെളകെളച്ചതും നന നനച്ചതും
വെതവെതച്ചതും തെയ്യാരാ.
(താരിളം തെയ്യാരാ)



ആനമലയില് കൂനമലയില്
വെത വെതച്ചതും തെയ്യാരാ
മുളപൊടിച്ചതും വളമെറിഞ്ഞതും
തേവി നനച്ചതും തെയ്യാരാ
(താരിളം തെയ്യാരാ..)



ആനമലയില് കൂനമലയില്
തേവി നനച്ചതും തെയ്യാരാ
കള പറിച്ചതും കതിരണിഞ്ഞതും
കാവലിരുന്നതും തെയ്യാരാ
(താരിളം തെയ്യാരാ..)

- 'നന്നായ് ഉണ്ണാൻ' ചിത്രകഥയെ കഥയാക്കി പറയാം എഴുതാം.
- കഥ നാടകമാക്കി ക്ലാസ്സിൽ അവതരിപ്പിക്കാം. മുഖംമൂടി നിർമ്മിക്കണേ.

## കടങ്കഥകളുടെ ഉത്തരം കണ്ടെത്താം

- പിടിച്ചാൽ ഒരുപിടി അരിഞ്ഞാൽ ഒരു മുറം [ ]
- അകത്തറുത്താൽ പുറത്തറിയും [ ]

## ചേർത്തു പറയാം എഴുതാം

- നിലം, ഒരുക്കി — നിലമൊരുക്കി
- വിളവ്, എടുത്തു — [ ]
- കതിര്, അണിഞ്ഞു — [ ]

കളിമണ്ണോ മൈദയോ ഉപയോഗിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും രൂപങ്ങൾ നിർമ്മിക്കാം

# 3 എന്താണമ്മേ സ്വാതന്ത്ര്യം

2024 ആഗസ്റ്റ് 15

വ്യാഴം

ഇന്ന് സ്കൂളിൽ സ്വാതന്ത്ര്യദിനാഘോഷമായിരുന്നു. പതിവിലും നേരത്തെ സ്കൂളിൽ പോയി. ഇന്നലെ അച്ഛൻ കൊണ്ടുവന്ന മൂന്നു നിറമുള്ള പതക്കം ഷർട്ടിൽ കുത്തി. കുഞ്ഞുദേശീയപതാക കൈയിലെടുത്തു. അമ്മയും എന്നോടൊപ്പം സ്കൂളിലേക്ക് വന്നിരുന്നു. എനിക്ക് സന്തോഷമായി. വഴിയിൽ മുഴുവൻ അലങ്കാരങ്ങൾ. കുങ്കുമം, വെള്ള, പച്ച നിറങ്ങളിലുള്ള തോരണങ്ങൾ. വാഹനങ്ങളിലെല്ലാം മൂവർണ്ണക്കൊടികൾ.



വഴിയിൽ പലയിടത്തും പായസവും
മധുരപലഹാരങ്ങളും വിതരണം
ചെയ്യുന്നുണ്ടായിരുന്നു.
സ്കൂളും മൂന്നു നിറങ്ങളാൽ
മനോഹരമായി അലങ്കരിച്ചിരുന്നു.
എല്ലാവരും സ്കൂൾ മുറ്റത്ത് ഒത്തുചേർന്നു.
ഹെഡ്മാസ്റ്റർ ദേശീയപതാക ഉയർത്തി.
സ്വാതന്ത്ര്യദിന സന്ദേശം നൽകി.
സ്കൂളിലും പായസം ഉണ്ടായിരുന്നു;
അടപ്രഥമൻ. ഞങ്ങൾ പായസം കുടിച്ചു.
നല്ല സ്വാദ്! എനിക്കിഷ്ടമായി.
ഉച്ചയ്ക്ക് വീട്ടിലെത്തി. കൂട്ടുകാരോടൊപ്പം
കളിച്ചു. ടി.വി.യിലും സ്വാതന്ത്ര്യദിന
പരിപാടികൾ തന്നെ.



ഡയറി വായിച്ചല്ലോ. സ്വാതന്ത്ര്യദിനത്തിൽ സ്കൂളിൽ
എന്തൊക്കെ പരിപാടികൾ ഉണ്ടായിരുന്നു?



## കവിത വായിക്കാം
## ഈണത്തിൽ ചൊല്ലാം

### സ്വാതന്ത്ര്യം

ചന്തുവിനുണ്ടൊരു സന്ദേഹം
എന്താണമ്മേ സ്വാതന്ത്ര്യം?
ഉത്തരമൊന്നും ചൊല്ലാതെ
പുഞ്ചിരിതൂകി മാതാവ്
ഓലത്തുമ്പിൽ ചാഞ്ചാടും
ചേലേറുന്നൊരു തത്തമ്മ
ചന്തുവിനുത്തരമെന്നോണം
ഒന്നുചിലച്ചു ചന്തത്തിൽ
ബന്ധനമില്ലെന്നാകീടിൽ
അതാണുകുഞ്ഞേ സ്വാതന്ത്ര്യം!

– കെ.കെ. പല്ലശ്ശന



## കിങ്ങിണിയുടെ സ്വാതന്ത്ര്യം

ഇന്ന് സാരംഗിന്റെ പിറന്നാളാണ്.
'ഹാപ്പി ബർത്ത്ഡേ'.
കൂട്ടിലിരുന്ന് കിങ്ങിണിത്തത്ത കൊഞ്ചിപ്പറഞ്ഞു.
പിറന്നാൾ കൂടാൻ കൂട്ടുകാരെത്തി.
കിങ്ങിണി അവരോടും കൊഞ്ചിക്കൊണ്ടിരുന്നു.
എല്ലാവർക്കും കിങ്ങിണിയെ ഇഷ്ടമായി.
കൂട്ടുകാർചേർന്ന് വീട് അലങ്കരിച്ചു.
വീട്ടുകാരും കുട്ടിക്കൂട്ടത്തിനൊപ്പം കൂടി.
കേക്ക് മുറിച്ചു.
പിറന്നാൾസദ്യ ഉണ്ടു.
കൂട്ടുകാർ ഒന്നിച്ച് കളിച്ചുതിമിർത്തു.
പിറന്നാൾ കെങ്കേമമായി.
സാരംഗിന് സന്തോഷമായി.



രാത്രിയായി. കൂട്ടുകാരെല്ലാം
വീട്ടിലെത്തിയിട്ടുണ്ടാവും,
അവരുടെ അച്ഛനമ്മമാരുടെയടുത്ത്.
പാവം കിങ്ങിണിമാത്രം കൂട്ടിൽ.
അവൾക്കുമുണ്ടാവില്ലേ
അച്ഛനുമമ്മയും?
അവളെക്കാണാതെ അവർ
വിഷമിക്കുന്നുണ്ടാവും.
സാരംഗിന് ഉറക്കം വന്നില്ല.
അവൻ മെല്ലെ എഴുന്നേറ്റു.
കുറുക്കന്റെ ഓരിയിടലും നായ്ക്കളുടെ
കുരയും വകവെക്കാതെ അവൻ
പതുക്കെ വാതിൽ തുറന്നു.
വരാന്തയുടെ അങ്ങേത്തലയ്ക്കലേക്ക്
നടന്നു. എങ്ങും ഇരുട്ട്.
അവൻ പക്ഷിക്കൂടിനടുത്തെത്തി.
കൂട്ടിൽ കിങ്ങിണി ഒറ്റയ്ക്ക്.
സാരംഗ് കിങ്ങിണിയുടെ കണ്ണിലേക്ക്
സൂക്ഷിച്ചുനോക്കി. കൂട് തുറന്നു.
കിങ്ങിണി വന്ന് അവന്റെ കൈയിൽ
ഇരുന്നു. അതിന്റെ ചിറകിൽ അവൻ
ഒരു ഉമ്മ നൽകി.
ചെവിയിൽ എന്തോ മന്ത്രിച്ചു.



സാരംഗ് കിങ്ങിണിയുടെ ചെവിയിൽ
മന്ത്രിച്ചത് എന്തായിരിക്കും?

## മഹാത്മജി

മുൻവരിപ്പല്ലു പൊയ്പ്പോയ
മോണകാട്ടിച്ചിരിച്ചൊരാൾ
ചന്ത്രം പടിഞ്ഞിരിക്കുന്ന
പടം നീ കണ്ടതില്ലയോ?

അതാണു ഗാന്ധിയപ്പൂപ്പൻ
ആരിലും കനിവുള്ളവൻ.
കൊച്ചുകുഞ്ഞുങ്ങളോടൊത്തു
കളിപ്പാൻ കൊതിയുള്ളവൻ.

വിളിപ്പൂ നാട്ടുകാരെല്ലാം
'ബാപ്പു'വെന്നു പലപ്പൊഴും
ആ വാക്കു കേട്ടിരിക്കും നീ
അച്ഛനെന്നർഥമായിടും.

മറ്റുള്ളോരുടെ ദുഃഖങ്ങൾ
മാറ്റുവാൻ വേല ചെയ്കയാൽ
മഹാത്മാഗാന്ധിയെന്നുള്ള
പേരു നീളെ പ്രസിദ്ധമായ്.

– വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

- ഗാന്ധിജിയെ വിളിക്കുന്ന മറ്റുപേരുകൾ എന്തൊക്കെ?
- ഗാന്ധിജിക്ക് കുഞ്ഞുങ്ങളെ വളരെ ഇഷ്ടമാണ് എന്ന് സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തി എഴുതാം.
- ബാപ്പു എന്ന പദത്തിന്റെ അർഥം എന്ത്?

## നമ്മുടെ പതാക

നമ്മുടെ ദേശീയപതാകയ്ക്ക് മൂന്നു നിറങ്ങളുണ്ട്.
മുകളിൽ കുങ്കുമനിറം, നടുക്ക് വെള്ളയും താഴെ പച്ചയും.
മധ്യത്തിലായി അശോകചക്രവുമുണ്ട്.

## നിറം നൽകാം



## ചാച്ചാജിയുടെ റോസാപ്പൂവ്



നെഹ്റുവിന് കുട്ടികളെ വലിയ ഇഷ്ടമായിരുന്നു. അതുപോലെ പൂക്കളെയും. ഒരിക്കൽ അദ്ദേഹത്തെ കാണാൻ ഒരു കുട്ടി വന്നു. അവൾ നല്ല ഒരു റോസാപ്പൂവ് കൊണ്ടുവന്നിരുന്നു. പൂവ് വാങ്ങാൻ അദ്ദേഹം കൈനീട്ടി. കുട്ടി അദ്ദേഹത്തോട് കുനിഞ്ഞിരിക്കാൻ പറഞ്ഞു. താൻ കൊണ്ടുവന്ന റോസാപ്പൂവ് അവൾ ചാച്ചാജിയുടെ കോട്ടിന്റെ പോക്കറ്റിൽ ഭംഗിയായി കുത്തിക്കൊടുത്തു. അദ്ദേഹത്തിന് വളരെ സന്തോഷമായി. അദ്ദേഹം കുട്ടിയുടെ കവിളത്ത് സ്നേഹപൂർവം തലോടി. അന്നുമുതലാണത്രേ നെഹ്റു തന്റെ കുപ്പായത്തിൽ റോസാപ്പൂവ് ധരിച്ചുതുടങ്ങിയത്.

- ചാച്ചാജിയുടെ തൊപ്പി നിർമ്മിക്കാം.
- ഗാന്ധിജിയുടെയും ചാച്ചാജിയുടെയും ചിത്രങ്ങൾ ശേഖരിക്കാം.

# 4 പൂരം പൊടിപൂരം

## പാടി രസിക്കാം

### ആനക്കൊമ്പൻ

അമ്പല ഗോപുരനടയിലൊരാന-
ക്കൊമ്പനെ ഞാൻ കണ്ടേ;
മുമ്പുമുതൽക്കേയാനയിലിത്തിരി
കമ്പമെനിക്കുണ്ടേ.
മുമ്പിൽത്തുമ്പു തുളഞ്ഞു, വളഞ്ഞൊരു
തുമ്പിക്കരമുണ്ടേ;
കണ്ടമരത്തിൻ ചില്ലകൾ ചിന്താൻ



വേണ്ട കരുത്തുണ്ടേ;
കാറ്റത്തിളകും ചേമ്പിലമാതിരി
കാതുകൾ രണ്ടുണ്ടേ;
കാലുകളല്ല കനത്ത കരിങ്കൽ-
ത്തൂണുകൾ നാലുണ്ടേ;
കൂടുതലുണ്ടു കുറുമ്പക്കൊമ്പന്;
കൂച്ചുവിലങ്ങുണ്ടേ;
കൂട്ടിനു നിൽപ്പുണ്ടരികിൽപ്പാപ്പാൻ
കുറുവടിയും കൊണ്ടേ;
ആളുകളേറിയ കൗതുകമോടെ
കണ്ണെറിയുന്നുണ്ടേ
ആനക്കൊമ്പനെയാകപ്പാടെ
കാണാനഴകുണ്ടേ.

എൻ കെ ദേശം

## എഴുതാം

കവിതയിലെ ആനയെക്കുറിച്ച് എഴുതാം

## വായിക്കാം

"ഉത്സവത്തിന് ആനയില്ല എന്നാണ് കേട്ടത്."
"ആനയില്ലാത്ത ഉത്സവമോ?
അത് ഉത്സവമാകില്ല."
ഹരി പറഞ്ഞത് കേട്ടപ്പോൾ രാഖിയുടെ മറുപടി ഇതായിരുന്നു.
"അതെന്താ രാഖീ, ആന ഇല്ലാതെയും ഉത്സവം നടത്തിക്കൂടെ?"



“നടത്താം. പക്ഷേ ഉത്സവം കേമമാവണമെങ്കിൽ ആന വേണം”.

“പളപളാ തിളങ്ങുന്ന നെറ്റിപ്പട്ടവും കെട്ടി, നിറയെ തൊങ്ങലുതൂക്കിയ മുത്തുക്കുടയും ചൂടി, ചെവിയും വാലും താളത്തിൽ ആട്ടിയാട്ടി നിൽക്കുന്ന കൊമ്പനെ കാണുന്നതുതന്നെ നല്ല ചേലാണ്.”

“അതെയതെ നല്ല ചേലാണ്, പക്ഷേ ചുട്ടുപഴുത്ത റോഡിലൂടെ നടന്ന് പാവത്തിന്റെ കാലിലെ തോല് പോയിട്ടുണ്ടാവും രാഖീ.”

“അത് ശരിയാണ്,

എന്നാലും ഉത്സവം കൊഴുപ്പിക്കാൻ ആന വേണ്ടേ?”



ഹരിയും രാഖിയും കാത്തുകാത്തിരുന്ന ഉത്സവദിവസമെത്തി.
എന്തൊരാൾത്തിരക്കാണ് ഉത്സവപ്പറമ്പിൽ!
പൂഴി വാരിയിട്ടാൽ താഴെ വീഴില്ല.
വാദ്യക്കാരും മേളക്കാരും കൊട്ടിത്തിമിർക്കുകയാണ്.
നിരനിരയായി പലതരം കച്ചവടങ്ങൾ. ഹരിയും രാഖിയും
കാഴ്ചകൾ കണ്ട് ഉത്സവപ്പറമ്പിലൂടെ നടന്നു.
"ഹരീ നീയല്ലേ പറഞ്ഞത് ഇത്തവണ ആനയുണ്ടാവില്ല എന്ന്?
അങ്ങോട്ട് നോക്ക്, കണ്ടില്ലേ കൊമ്പൻ നിൽക്കുന്നത്?"
രാഖി ചൂണ്ടിക്കാണിച്ച ഭാഗത്തേക്ക് ഹരി നോക്കി.
"ശരിയാണല്ലോ വമ്പനൊരു കൊമ്പൻ!"
അവർ കൊമ്പന്റെ അടുത്തേക്ക് ഓടി.
അടുത്തെത്തിയപ്പോൾ മനസ്സിലായി,
ഒരു വണ്ടിയിലാണ് കൊമ്പനാനയുടെ നിൽപ്പ്.
ചെവി ആട്ടുന്നുണ്ട്. കൂടുതൽ സൂക്ഷിച്ചു
നോക്കിയപ്പോഴല്ലേ കാര്യം പിടികിട്ടിയത്.
കൊമ്പനാനയല്ല, കൊമ്പനാനയുടെ രൂപം.
നെറ്റിപ്പട്ടവും മുത്തുക്കുടയും എല്ലാമുണ്ട്.
വണ്ടി ഉരുളുമ്പോൾ കൊമ്പനും
മുന്നോട്ടു നീങ്ങും.
എന്തായാലും നല്ല ചേലായിട്ടുണ്ട്.



വണ്ടിച്ചക്രം പിടിപ്പിച്ച കൊമ്പനെ അവർക്ക് നല്ല ഇഷ്ടമായി. "ഈ കൊമ്പനാന എത്രനേരം റോഡിൽ നിന്നാലും കാല് പൊള്ളില്ല."
ഹരി പറഞ്ഞതുകേട്ട് രാഖി ചിരിച്ചു.

"ഉത്സവപ്പറമ്പിലെ വേദിയിൽ ഉടൻതന്നെ ഓട്ടൻതുള്ളൽ ആരംഭിക്കുന്നതാണ്." മൈക്കിലൂടെ അറിയിപ്പുകേട്ട് അവർ അങ്ങോട്ട് നീങ്ങി. മുഖത്ത് ചായം തേച്ച തുള്ളൽക്കാരനെ കാണാൻ നല്ല ചന്തം. തുള്ളൽക്കാരന്റെ നേരമ്പോക്കുകൾ കേട്ട് ആളുകൾ പൊട്ടിച്ചിരിക്കുന്നു.



അവർ ബലൂൺകച്ചവടക്കാരന്റെ അടുത്തെത്തി. പലതരം ബലൂണുകൾ. നിറമുള്ളത്, വലുത്, ചെറുത്, നീണ്ടത്. ഒരു പമ്പുകൊണ്ടാണ് ബലൂണിൽ കാറ്റ് നിറയ്ക്കുന്നത്. കാറ്റ് നിറച്ച ബലൂൺ കൈവിരലുകൾകൊണ്ട് ഒന്ന് തിരിക്കുകയും മറിക്കുകയും ചെയ്യുമ്പോഴേക്ക് അതിന്റെ രൂപം മാറുന്നു. ആനയും കുരങ്ങനും പൂച്ചയും ആപ്പിളും പന്തും അങ്ങനെയങ്ങനെ പല രൂപത്തിലും പല തരത്തിലും പല നിറത്തിലും ബലൂണുകൾ. അവർ ബലൂണുകളും വാങ്ങി വീട്ടിലേക്ക് മടങ്ങി.



രാത്രിയിലെ ഉത്സവം കാണാൻ ഹരിയും രാഖിയും അച്ഛനും അമ്മയും എല്ലാവരുംകൂടിയാണ് പോയത്.
തൊട്ടടുത്തവീട്ടിലെ രഹനയും ഉമ്മയും ഒപ്പമുണ്ട്. രഹനയുടെ ഉപ്പ എല്ലാ വർഷവും ഉത്സവത്തിന് വരാറുള്ളതാണ്.
ഇക്കൊല്ലം ലീവ് കിട്ടിയില്ലത്രെ.
ഉത്സവപ്പറമ്പിലെത്തിയപ്പോഴാണ് മേഘ്നയെയും ഡെയ്സിയെയും കണ്ടത്.
നിറയെ കളർബൾബുകൾ. നക്ഷത്രങ്ങൾ താഴേയ്ക്കിറങ്ങി വന്നതുപോലെ.
“പകൽ കണ്ടതിനെക്കാൾ ചന്തമായിട്ടുണ്ട് ഉത്സവപ്പറമ്പ്, അല്ലേ ഹരീ?”
കാഴ്ചകൾ കണ്ട് രാഖി കണ്ണുമിഴിച്ചു.



## തുള്ളൽപാട്ട്

### പാടി രസിക്കാം

ഉള്ളത്തിൽ ഭയമേറുകമൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു
വള്ളിക്കെട്ടുകൾ തോറും ചെന്നതി-
നുള്ളിൽ പുക്കിതു പലജനമപ്പോൾ

മണ്ണിൽ പല പല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു
കണ്ണുമടച്ചു പുതച്ചു കിടന്നൊരു-
വണ്ണമുറക്കവുമങ്ങു തുടങ്ങി.

_കുഞ്ചൻനമ്പ്യാർ



## ഉത്സവപ്പിറ്റേന്ന്

സ്കൂളിൽ പോകുന്ന വഴി അവർ ഉത്സവപ്പറമ്പിലേക്ക് നോക്കി. ആളും ആരവവുമില്ല. പറമ്പു മുഴുവൻ അലങ്കോലമായി കിടക്കുന്നു. പ്ലാസ്റ്റിക് കവറുകളും വർണക്കടലാസുകളും ചിതറിക്കിടക്കുന്നു. " മാലിന്യങ്ങൾ വലിച്ചെറിയരുത് " എന്ന ബോർഡിനു മുമ്പിൽ അവർ നിന്നു. ചൂലും കുട്ടയുമായി ഒരു സംഘം ആളുകൾ വന്ന് അവിടമാകെ വൃത്തിയാക്കിത്തുടങ്ങി. പ്രത്യേകം തയ്യാറാക്കിയ കുട്ടകളിൽ അവർ മാലിന്യങ്ങൾ ഇട്ടു.

എത്ര വേഗമാണ് ഉത്സവപ്പറമ്പ് വൃത്തിയായത്!



"....... ചെറുതോ വലുതോ ആയ ഒരു പാഴ്‌വസ്തുവും ഞാൻ വലിച്ചെറിയില്ല. നിരോധിത പ്ലാസ്റ്റിക് വസ്തുക്കളൊന്നും ഉപയോഗിക്കുകയുമില്ല. ശുചിത്വത്തിനായി കൈക്കൊള്ളുന്ന എല്ലാ നടപടികളോടും ഞാൻ പൂർണ്ണമായും സഹകരിക്കും. മാലിന്യമുക്ത നവകേരളത്തിനായി നാടിനൊപ്പം ഞാനും ആത്മാർഥമായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു."

# 5 രുചിമേളം



## കുഞ്ഞുമോളുടെ തട്ടുകട

കുഞ്ഞുമോൾക്ക് ഒരു തട്ടുകടയുണ്ട്.
അവളുടെ അമ്മയും അച്ഛനും ചേർന്ന് നടത്തുന്ന തട്ടുകട.
ദോശ, ഇഡ്ഡലി, പുട്ട്, നെയ്യപ്പം
അങ്ങനെ പലപല പലഹാരങ്ങൾ!
എല്ലാത്തിനും നല്ല സ്വാദ്.
അവരുടെ ഭക്ഷണത്തിന്റെ രുചിയറിഞ്ഞവർ
വീണ്ടുംവീണ്ടും വന്നു.
തട്ടുകടയിൽ  തിരക്കോടുതിരക്ക്.
വന്നവർക്കെല്ലാം അവർ സ്നേഹത്തോടെ ആഹാരം വിളമ്പി.



## കണ്ടെത്താം

- കുഞ്ഞുമോളുടെ തട്ടുകടയിൽ എന്തെല്ലാം പലഹാരങ്ങൾ ഉണ്ട്?

- എന്തുകൊണ്ടാണ് കുഞ്ഞുമോളുടെ തട്ടുകടയിൽ ഇത്രയും തിരക്ക്?

സ്വന്തമായി തട്ടുകടയുണ്ട്. സ്വാദുള്ള ആഹാരവുമുണ്ട്. എന്നിട്ടും കുഞ്ഞുമോൾക്ക് ഒന്നും കഴിക്കാൻ വേണ്ട. അമ്മയും അച്ഛനും സങ്കടപ്പെട്ടു.



## ഡോക്ടർ പറഞ്ഞതെന്തെല്ലാം?




ദിവസങ്ങൾ കടന്നുപോയി. കുഞ്ഞുമോൾ കൃത്യമായി മരുന്ന് കഴിച്ചു. നന്നായി ആഹാരവും കഴിച്ചു. അവൾ ഉഷാറായി.

കുഞ്ഞുമോൾ ചുറുചുറുക്കോടെ സ്കൂളിൽ പോകാൻതുടങ്ങി. അച്ഛനുമമ്മയ്ക്കും സന്തോഷമായി.



## അഭിനയിക്കാം

കുഞ്ഞുമോളുടെ കഥ വായിച്ചല്ലോ?

താഴെപ്പറയുന്ന കാര്യങ്ങൾ കൂട്ടുകാരോടൊപ്പം അഭിനയിക്കാം.

- കുഞ്ഞുമോളുടെ തട്ടുകട
- കുഞ്ഞുമോൾ ആശുപത്രിയിൽ
- സ്കൂളിൽ പോകുന്ന കുഞ്ഞുമോൾ

## വായിക്കാം

## ആരോഗ്യമുള്ള ശരീരത്തിന്

### പോഷകം നിറഞ്ഞ ഭക്ഷണം

നന്നായി വളരാൻ പോഷകം നിറഞ്ഞ ആഹാരം കഴിക്കണം. ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, പയറുവർഗങ്ങൾ, ഇലക്കറികൾ എന്നിവ ഉൾപ്പെടുത്തിയ ആഹാരം. മത്സ്യം, മാംസം, പാൽ, മുട്ട എന്നിവ കഴിക്കുന്നതും ആരോഗ്യത്തിന് നല്ലതാണ്. പഴകിയതും കേടുവന്നതുമായ ആഹാരം കഴിക്കരുത്. സ്വാദും നിറവും മണവും വർധിപ്പിക്കാൻ ചേർക്കാൻ പാടില്ലാത്ത പലതും ആഹാരത്തിൽ ചേർക്കുന്നുണ്ട്. അത്തരം ആഹാരങ്ങൾ ആരോഗ്യത്തിന് നല്ലതല്ല.



## ഓരോന്നിലും എന്തൊക്കെ? എഴുതാം.

| ധാന്യങ്ങൾ | പഴങ്ങൾ | പച്ചക്കറികൾ |
|---|---|---|
| അരി | വാഴപ്പഴം | |

| ഇലക്കറികൾ | കിഴങ്ങുകൾ | പയറുവർഗങ്ങൾ |
|---|---|---|
| മുരിങ്ങയില | ഉരുളക്കിഴങ്ങ് | |

- നിങ്ങൾ ഒരാഴ്ച കഴിക്കുന്ന ആഹാരത്തിൽ എന്തൊക്കെ ഉൾപ്പെടുന്നുണ്ട്? ഓരോ ദിവസവും പട്ടികയിൽ അടയാളപ്പെടുത്തിനോക്കാം.

| | ധാന്യങ്ങൾ | പഴങ്ങൾ | പച്ചക്കറികൾ | ഇലക്കറികൾ | കിഴങ്ങുകൾ | പയറുവർഗങ്ങൾ | മുട്ട | പാൽ | മീൻ | മാംസം |
|---|---|---|---|---|---|---|---|---|---|---|
| ഞായർ | | | | | | | | | | |
| തിങ്കൾ | | | | | | | | | | |
| ചൊവ്വ | | | | | | | | | | |
| ബുധൻ | | | | | | | | | | |
| വ്യാഴം | | | | | | | | | | |
| വെള്ളി | | | | | | | | | | |
| ശനി | | | | | | | | | | |

- നിങ്ങൾ കഴിച്ചതിൽ ഏത് വിഭാഗത്തിൽപ്പെട്ട ആഹാരമാണ് കൂടുതൽ വന്നത്?

- ഏറ്റവും കുറവ് കഴിച്ചതോ?

## അരിയുണ്ട

അരി കഴുകിയുണക്കി.
ചട്ടിയിൽ വറുത്തു.
മിക്സിയിൽ പൊടിച്ചു.
തേങ്ങ ചിരകി.
ശർക്കര ചുരണ്ടി.
അരിപ്പൊടിയിൽ ചേർത്തു.
കൈകൊണ്ട് കുഴച്ച്
ഉരുട്ടിയെടുത്തു.
പാത്രത്തിൽ
അരിയുണ്ടകൾ
നിരത്തിവച്ചു.



## അരിയുണ്ടയിലെ ചേരുവകൾ എന്തെല്ലാം?

## വായിക്കാം, പൂർത്തിയാക്കാം



കലം കഴുകി.
വെള്ളം ഒഴിച്ചു.
അടുപ്പിൽ വെച്ചു.
തീ കത്തിച്ചു.
വെള്ളം തിളച്ചു.
അരിയിട്ടു.
അരി വെന്തു.
ചോറ് വാർത്തു.
കുഞ്ഞുമോൾ വന്നു.
പാത്രം എടുത്തു.
ചോറ് വിളമ്പി.

.................................................................................................

.................................................................................................

.................................................................................................

## വാക്യങ്ങൾ ക്രമത്തിലാക്കാം

- പാത്രം അടച്ചുവച്ചു.
- ഈച്ച വന്നു, ചുറ്റും പറന്നു.
- കുഞ്ഞുമോൾ കണ്ടു.

## കണ്ടെത്താം പറയാം

ചോറുവിളമ്പിയ പാത്രം കുഞ്ഞുമോൾ അടച്ചുവച്ചത് എന്തിന്?

## രുചിയുടെ പൊടിപൂരം

അമ്മുവിനിഷ്ടം അച്ചപ്പം
അടയും വടയും കുഴലപ്പം
ഇന്ദുവിനിഷ്ടം ഇടിയപ്പം
ഇഡ്ഡലി, ദോശ, ചപ്പാത്തി
ഉസ്മാനിഷ്ടം ഊത്തപ്പം
ഉമ്മ ചുടുന്നൊരു പാലപ്പം
മധുവിന്നിഷ്ടം വട്ടേപ്പം
മധുരം കിനിയും നെയ്യപ്പം
പലഹാരങ്ങൾ പലതുണ്ടേ
പലപല രുചിതൻ പൊടിപൂരം



- പാട്ടിൽ പറയുന്ന പലഹാരങ്ങളുടെ പേരുകൾ പറയാം. എഴുതാം.

- ഇനിയും ധാരാളം ആഹാരസാധനങ്ങൾ ഉണ്ടല്ലോ. എഴുതിച്ചേർക്കാം.

## ഫ്രൂട്ട്സാലഡ് തയ്യാറാക്കാം



### ആവശ്യമായ സാധനങ്ങൾ

### തയ്യാറാക്കുന്ന വിധം

പഴങ്ങൾ നന്നായി കഴുകിയെടുക്കുക. ചെറിയ കഷണങ്ങളാക്കി മുറിച്ച് വൃത്തിയുള്ള ഒരു പാത്രത്തിലേക്ക് ഇടുക.

ആവശ്യത്തിന് മധുരം ചേർക്കുക. നന്നായി ഇളക്കുക.

ഫ്രൂട്ട്സാലഡ് റെഡി.

## കടങ്കഥകൾ വായിക്കാം ഉത്തരം കണ്ടെത്താം

- കടലിൽനിന്ന് വരുന്നൂ ഞാൻ
  അടുക്കള തന്നിലിരിക്കും ഞാൻ
  വെള്ളം തൊട്ടാൽ അലിയും ഞാൻ
  പറയൂ പറയൂ ഞാനാര്?

- ഏതു കറിക്കും രുചിയേകാൻ
  കൂട്ടു വിളിക്കാറുണ്ടെന്നെ.
  കറികൾ വെന്തുകഴിഞ്ഞെന്നാൽ
  പിന്നീടാർക്കും വേണ്ടെന്നെ.

## കൂടുതൽ കടങ്കഥകൾ കണ്ടെത്തി എഴുതാം.

## ചിത്രം നോക്കി കഥയെഴുതാം



................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

................................................................................

## വരികൾ കൂട്ടിച്ചേർക്കാം

അപ്പം അപ്പം ഇടിയപ്പം
അച്ഛൻ ചുട്ടു ഇടിയപ്പം
അപ്പം അപ്പം പാലപ്പം
അമ്മ ചുട്ടു പാലപ്പം

.................................................................................................

.................................................................................................

.................................................................................................

.................................................................................................

## ഞാൻ പറയട്ടെ

എന്നെ എണ്ണയിലാണ് ചുടുന്നത്. എനിക്ക് നല്ല മധുരമാണ്.

എന്നെ ആവിയിലാണ് വേവിക്കുന്നത്. അരിമാവ് കൊണ്ടാണ് ഉണ്ടാക്കുന്നത്







# 6 പറക്കും വീട്



മൈലാഞ്ചിമലയിലെ കുഞ്ഞുവീട്
പുലർകാലമഞ്ഞും പുതച്ചു നിൽപ്പൂ.
മുറ്റത്തു ചേലുള്ള പൂക്കളുണ്ടേ
ചുറ്റിലും പച്ചപ്പ് കാവലുണ്ടേ
അച്ഛനുമമ്മയും വീട്ടിലുണ്ടേ
മക്കളുടെ കളിചിരികൾ കൂട്ടിനുണ്ടേ
പാട്ടും പഴങ്കഥക്കൂട്ടവുമായ്
പൂവട്ടി മെടയുന്ന മുത്തശ്ശിയും.



ഞാനാണ് കുഞ്ഞുവീട്.
മൈലാഞ്ചിമലയുടെ കിഴക്കെ ചെരിവിലെ കുഞ്ഞുവീട്.

എബിയും യാമിയും ജോബിനുമെല്ലാം പുറത്തു പോയതാണ്. എത്ര കാലമായി ഞാനിങ്ങനെ ഒരേ നിൽപ്! ഇനി വയ്യ. വീട്ടുകാർ എല്ലാവരും പുറത്തുപോകുന്നു. അച്ഛനുമമ്മയും ജോലിക്കു പോകുന്നു. മക്കൾ സ്കൂളിൽ പോകുന്നു. ആശുപത്രിയിലും അങ്ങാടിയിലും പോകുന്നു. സിനിമക്കും നാടകത്തിനും പോകുന്നു. വിരുന്നിനും വിനോദയാത്രക്കും പോകുന്നു. ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും പോകുന്നു. ഞാൻ മാത്രം ഇവിടെയിങ്ങനെ കുറ്റിയടിച്ചതുപോലെ.
ഒന്നു കറങ്ങിയാലോ. പോയാൽ വീട്ടുകാർ വിഷമിക്കില്ലേ? എഴുതി വച്ചിട്ടു പോകാം.



നടന്നു പോകാനാവില്ലല്ലോ
കാലുകളില്ലല്ലോ,
പറന്നുപോകാനാവില്ലല്ലോ
ചിറകുകളില്ലല്ലോ,
ഉരുണ്ടുപോകാനാവില്ലല്ലോ
ചക്രവുമില്ലല്ലോ!

എങ്ങനെ പോകും?
ആര് സഹായിക്കും?




കുഞ്ഞുവീടിനെ
തൊട്ടുതലോടിക്കൊണ്ടു വന്ന
കാറ്റ് പറഞ്ഞു.

അങ്ങനെ കാറ്റിന്റെ തോളിലേറി

വീട് ആകാശത്തേക്ക്
പറന്നുയർന്നു.



ഹായ് എന്തെല്ലാം കാഴ്ചകൾ!



തിന്തകത്തിന്തകത്താരോ
തക തെയ്ത്തകത്തെയ്ത്തകത്താരോ
കാറ്റിന്റെ കൈകളിൽ തൂങ്ങി
നീലവാനിൽ പറക്കുന്നു വീട്
പച്ചയിൽ പാൽ നിറം തുന്നി
പുഴ വെള്ളക്കരപോലെ മിന്നി
ആരോ വരച്ചതുപോലെ
താഴെ നാടൊരു ചിത്രമായ് കണ്ടു
തിന്തകത്തിന്തകത്താരോ
തക തെയ്ത്തകത്തെയ്ത്തകത്താരോ



## ഏതെല്ലാം തരത്തിലുള്ള വീടുകൾ

- ഓലമേഞ്ഞ വീട്



കാറ്റിന്റെ ചിറകിലേറി വീട് പിന്നെയും മുന്നോട്ടു നീങ്ങി.
ഒത്തിരിയൊത്തിരി കാഴ്ചകൾ.
മാനംമുട്ടെ ഉയർന്നുനിൽക്കുന്ന സൗധങ്ങൾ.
നീണ്ടുനിവർന്നുകിടക്കുന്ന ടാറിട്ട റോഡുകൾ.
കെട്ടിടങ്ങളുടെ നീണ്ട നിര.
എങ്ങും തിക്കും തിരക്കും.



## കഥയിൽനിന്ന് കണ്ടെത്തിയെഴുതാം

- ................................................................ വന്ന കാറ്റ്
- ................................................................ സൗധങ്ങൾ
- ...................................................... ടാറിട്ട റോഡുകൾ

ഹൊ! എന്തൊരു ചൂട്! ഒരു മരം പോലുമില്ല.
അതാ അവിടെ ഒരു വീട് പണിയുന്നു.



വീടുനിർമ്മാണവുമായി
ബന്ധപ്പെട്ട തൊഴിലുകൾ
അന്വേഷിച്ചു കണ്ടെത്താം



## ചൊല്ലി രസിക്കാം

വീടുണ്ടാകുവതെങ്ങനെയാ?
എങ്ങനെയെങ്ങനെയെങ്ങനെയാ?
വിത്തുമുളച്ചോ? കൊമ്പു തളിർത്തോ?
വേരിൽനിന്നും പൊട്ടിമുളച്ചോ?
വീടുണ്ടാകുവതെങ്ങനെയാ?
എങ്ങനെയെങ്ങനെയെങ്ങനെയാ?
തറപടുക്കണം തറനിറയ്ക്കണം
കട്ടിളവെക്കണം കതകു കൂട്ടണം
ചിന്തേരിട്ടു മിനുക്കിയെടുക്കണം
ചുമരു കെട്ടണം മേൽക്കൂര വാർക്കണം
ചെത്തിത്തേക്കണം തറ മിനുക്കണം
പെയിന്റടിക്കണം പത്രാസാക്കണം
വീടുണ്ടാക്കുവതങ്ങനെയാ
അങ്ങനെയങ്ങനെയങ്ങനെയാ











തണലുതേടി കുഞ്ഞുവീട് താണു പറന്നു.
നിറയെ ഇലകളും പൂക്കളുമുള്ള ഒരു തെച്ചി
കുഞ്ഞുവീടിന്റെ ശ്രദ്ധയിൽപ്പെട്ടു.
വരിവരിയായി പുളിയുറുമ്പുകൾ.
അവ എന്താണ് ചെയ്യുന്നത്?
ഇലകൾ തുന്നിച്ചേർത്ത് കൂടുണ്ടാക്കുന്നു.



## വരികൾ ചേർത്തു പാടാം

ഇലകൾ കൂട്ടിയെടുത്തൊരു കൂട്
പുളിയനുറുമ്പിൻ കൂടാണേ.
വെളുത്ത നൂലാൽ കൊരുത്തെടുത്തത്
ചിലന്തി തന്നുടെ വലയാണേ.
ഇലകൾ തുന്നിക്കൂട്ടിയെടുത്തത്

.......................................................................................

ചുള്ളിക്കൊമ്പും നാരും ചേർത്തത്

.......................................................................................

കുഞ്ഞുവീട് നന്നേ ക്ഷീണിച്ചു.
വഴിയറിയാതെ കുഞ്ഞുവീടും കാറ്റും വട്ടംചുറ്റി.
പിന്നീടെന്ത് സംഭവിച്ചിട്ടുണ്ടാകും?



ഒരു മലയുടെ നെറുകിൽ കേറി
കുടിപാർക്കാൻ നോക്കീ വീട്
അരുതെന്നു വിലക്കീ മലയും
ഉരുൾപൊട്ടാനിടയുണ്ടേ.

ഒരു പുഴയുടെ തീരം കണ്ടു
കുടിപാർക്കാൻ ചെന്നൂ വീട്
അരുതെന്നു വിലക്കീ പുഴയും
മഴ പെയ്താൽ കരകവിയും ഞാൻ.



കാടിന്റെ നടുക്കൊരു ദിക്കിൽ
വൃക്ഷങ്ങൾക്കിടയിൽ ചെന്ന്
കുടിപാർക്കാൻ നോക്കീ വീട്
അരുതെന്നു വിലക്കീ കാട്.

തക തെയ്യക തെയ്യക തെയ്യ
തക തെയ്യക തെയ്യക തെയ്യ



- കാടിന്റെ നടുവിൽ വീട് വയ്ക്കരുതെന്ന് കാട് പറഞ്ഞതെന്തുകൊണ്ടായിരിക്കും?
- ഇവിടെ വീട് വയ്ക്കരുതെന്ന് പുഴ പറയാൻ കാരണമെന്ത്?
- മലയുടെ മുകളിൽ കുടിപാർക്കാൻ നോക്കിയ വീടിനോട് മല പറഞ്ഞതെന്താണ്?

പറന്നുപറന്ന് അവർ ചെന്നെത്തിയത് ഒരു സ്കൂൾ മുറ്റത്ത്.
"ഇനി മുന്നോട്ട് ഒരടി വയ്യ!"
കുഞ്ഞുവീടിനെ കാണാതായ സങ്കടത്തിലാണ്
യാമി സ്കൂളിലെത്തിയത്. മുറ്റത്തെ ആരവം കേട്ട്
അവൾ അങ്ങോട്ടോടി.
ങേ എന്തൊരത്ഭുതം! മുറ്റത്തതാ കുഞ്ഞുവീട്.
കുട്ടികൾ കൗതുകത്തോടെ വീട് തൊട്ടുനോക്കി.
തള്ളിനോക്കി. വീടിനു ചുറ്റും കുട്ടിക്കൂട്ടം ആർത്തുരസിച്ചു.
അവളും അവരോടൊപ്പം കൂടി. അവർ വരാന്തയിലും
ഇടനാഴിയിലും അടുക്കളയിലും ഊണുമുറിയിലും
കയറിയിറങ്ങി കളി തുടങ്ങി. പലപല നിറങ്ങളിലുള്ള
ബലൂണുകൾ വീർപ്പിച്ച് ജനലുകളിലും വരാന്തയിലും കെട്ടി.
പാട്ടും കളികളുമായി കുഞ്ഞുവീടിന് വരവേൽപ് നൽകി.



- നിങ്ങളുടെ സ്കൂൾ മുറ്റത്തേക്കാണ് കുഞ്ഞുവീട് വന്നതെങ്കിലോ? എന്തായിരിക്കും നിങ്ങൾ ചെയ്യുക? എഴുതി നോക്കാം

- 'ശബ്ദം' എന്ന വാക്കിന് പകരം ഉപയോഗിച്ചിരിക്കുന്ന പദം കണ്ടെത്താം.

- 'ഒരടി വയ്യ' എന്ന പ്രയോഗം എന്താണ് സൂചിപ്പിക്കുന്നത്?

- അടിവരയിട്ട പദത്തിന് പകരംപദം പാഠത്തിൽനിന്ന് കണ്ടെത്തി എഴുതാം.

പാട്ടും കളികളുമായി കുഞ്ഞു വീടിന് <u>സ്വീകരണം</u> നൽകി

## പാടി രസിക്കാം



### കുരുവി

വാ കുരുവീ വരു കുരുവി
വാഴക്കൈമേലിരി കുരുവി
നാരു തരാം ചകിരി തരാം
കൂടുണ്ടാക്കാൻ കൂടെ വരാം
വെയിലല്ലേ ചൂടല്ലേ
തണലിലിരിക്കുക സുഖമല്ലെ
നീ വെറുതെ പോകരുതേ
തണൽ കിട്ടാതെ വലയരുതേ.

_ജി ശങ്കരക്കുറുപ്പ്

## ക്ഷണക്കത്ത്

അങ്ങനെ കുരുവി ഒരു കൂടുണ്ടാക്കി. ഗൃഹപ്രവേശത്തിന് കൂട്ടുകാരെ ക്ഷണിക്കണം. കുരുവി തീരുമാനിച്ചു. തയ്യാറാക്കിയ ക്ഷണക്കത്ത് വായിക്കാം.

ക്ഷണക്കത്ത്

മൈലാഞ്ചിമല
..../..../....

കൂട്ടുകാരേ,

ഞാൻ ഒരു പുതിയ വീട് നിർമ്മിച്ചിട്ടുണ്ട്. അടുത്ത ഞായറാഴ്ച (....../..../......) അവിടെ താമസമാവുകയാണ്. രാവിലെ 10 മണിക്ക് മുത്തശ്ശിമാവിന്റെ ചുവട്ടിലെ മുല്ലപ്പന്തലിൽവച്ചാണ് ചടങ്ങ്. കുടുംബത്തോടൊപ്പം വരണേ.

കുരുവി
മൈലാഞ്ചിമല

- മറ്റ് ഏതെല്ലാം രീതിയിൽ ക്ഷണിക്കാൻ കഴിയും? പറഞ്ഞുനോക്കാം.



## ഏറുമാടം

മരങ്ങളുടെ മുകളിൽ താൽക്കാലികമായി
തയ്യാറാക്കിയ ചെറുവീടുകളാണ്
ഏറുമാടങ്ങൾ.
കാടുകളിലാണ് സാധാരണ ഇവ
നിർമ്മിക്കുന്നത്.
ഉറപ്പുള്ള ശിഖരങ്ങളിലാണ്
ഏറുമാടങ്ങൾ പണിയുന്നത്. ഈറ്റ, മുള,
വൈക്കോൽ, പുല്ല്, കാട്ടുവള്ളികൾ
എന്നിവ ഇതിനായി ഉപയോഗിക്കുന്നു.
കാട്ടിൽവസിക്കുന്നവരാണ് ഏറുമാടങ്ങൾ
കൂടുതലായും ഉപയോഗിക്കുന്നത്.
വിനോദസഞ്ചാരകേന്ദ്രങ്ങളിൽ
ഏറുമാടങ്ങൾ ഇന്ന് സാധാരണമാണ്.

# അക്ഷരമാല

## സ്വരങ്ങൾ

| | | | |
|---|---|---|---|
| അ | ആ | ഇ | ഈ |
| ഉ | ഊ | ഋ | |
| എ | ഏ | ഐ | |
| ഒ | ഓ | ഔ | |

അനുസ്വാരം | അം | അഃ | വിസർഗം

## വ്യഞ്ജനാക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |
| യ | ര | ല | വ | |
| ശ | ഷ | സ | | |
| ഹ | | | | |
| ള | ഴ | റ | | |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.